(എഫ്) 10-ാം ക്ലാസ് പാസ്സായ 18 വയസ്സിനുമേൽ പ്രായമുള്ള പ്രകൃതി സംരക്ഷണ മേഖലയിൽ താത്പര്യമുള്ള യുവാക്കളെ സന്നദ്ധസേവകരായി പ്രവർത്തിക്കുവാൻ നിയോഗിച്ചിരുന്നു. ഇവരുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിലുള്ള മുൻകാല പരിചയം എന്നിവ പരിശോധിച്ചാണ് നിയോഗിച്ചിട്ടുള്ളത്.

വനനശീകരണം തടയാൻ നടപടി

102 [1235] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആകെ ഉണ്ടായിരുന്ന വനഭൂമിയുടെ വിസ്തീർണ്ണം വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ നിലവിലുള്ള വനഭൂമി ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നതാണെന്ന് വെളിപ്പെടുത്താമോ;

(സി) വനവുമായി ബന്ധപ്പെട്ട ടൂറിസം വനനശീകരണത്തിന് കാരണമാകുമോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനനശീകരണം മൂലം എന്ത് തുകയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കണക്കുകൾ പ്രകാരം വനഭൂമിയുടെ ആകെ വിസ്തീർണ്ണം 11221 ചതുരശ്ര കിലോമീറ്ററാണ്.

(ബി) ഇപ്പോൾ നിലവിലുള്ള വനഭൂമി ലീഗൽ സ്റ്റാറ്റസ് അനുസരിച്ച് റിസർവ്ഡ് ഫോറസ്റ്റ്, വെസ്റ്റഡ് ഫോറസ്റ്റ്, പ്രൊപ്പോസ്ഡ് റിസർവ്വ്, അൺക്ലാസ്സിഫൈഡ് ഫോറസ്റ്റ് എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. ഇവയിൽ ദേശീയോദ്യാനവും വന്യജീവി സങ്കേതങ്ങളും ഉൾപ്പെടുന്നുണ്ട്.

(സി) പഠനം നടത്തിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനനശീകരണം മൂലം ഉണ്ടായ നഷ്ടം എത്രയെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ലഭ്യമായ കണക്കുകൾ പ്രകാരം അനധികൃത മരംമുറി കയ്യേറ്റം ഇവയാൽ ഉണ്ടായിട്ടുള്ള നഷ്ടം ഏകദേശം 185 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly